നമ്പർ: സി.ജി.(1) 20486/07    സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 05.05.2007.

സർക്കുലർ നം. 27/07

വിഷയം:- സഹകരണവകുപ്പ് - കേരള സഹകരണ വികസന ക്ഷേമ പദ്ധതി - ഡവലപ്പ്മെന്റ് ആക്ഷൻ പ്ലാൻ - പ്രാഥമിക സഹകരണ സംഘങ്ങളുടെ സ്ഥിതി വിവരപട്ടിക ശേഖരിക്കുന്നതു് സംബന്ധിച്ച്.

സൂചന:- കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ 21.4.07-ലെ 4/07-ാം നമ്പർ കത്ത്.

.....

പ്രാഥമിക സഹകരണ സംഘങ്ങളുടെ വികസനത്തിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പുനരുദ്ധാരണത്തിനുമായിട്ടാണ് കേരള സഹകരണ നിയമം 57(എ) വകുപ്പ് പ്രകാരം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളതു്. സംസ്ഥാനത്തെ പകുതിയോളം വരുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. മേൽ സാഹചര്യത്തിൽ സഹകരണ വികസന ക്ഷേമപദ്ധതി വിപുലമായും, കാര്യക്ഷമമായും നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടേയും മുഴുവൻ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സ്ഥിതി വിവര പട്ടിക ശേഖരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു ഡവലപ്പ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് തീരുമാനിച്ചിരിക്കുന്നു. അതിനായി ജില്ലാ തലത്തിൽ സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടേയും , അസിസ്റ്റന്റ് രജിസ്ട്രാറുടേയും സഹകരണ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരുടെയും സഹകരണവും, സേവനവും അത്യാവശ്യമാകയാൽ ഇക്കാര്യത്തിൽ ബോർഡിന് വേണ്ട സഹായ സഹകരണങ്ങൾ നൽകുന്നതിന് എല്ലാ ജില്ലാ തല ആഫീസർമാർക്കും വേണ്ട നിർദ്ദേശം

നൽകണമെന്നും, ബോർഡ് തയ്യാറാക്കി എത്തിച്ചു കൊടുക്കുന്ന പ്രൊഫോർമകൾ ഓരോ ജില്ലയിലെയും പ്രാഥമിക സഹകരണ സംഘങ്ങൾക്കും വിതരണം ചെയ്ത് പൂർത്തീകരിച്ച പ്രൊഫോർമകൾ യഥാസമയം ബോർഡിന് അയച്ചു കൊടുക്കുവാനും വേണ്ട നടപടികൾ കൈക്കൊള്ളുവാൻ എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും യുക്തമായ നിർദ്ദേശം നൽകണമെന്നും സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊഫോർമ ജില്ലയിലെ എല്ലാ പ്രാഥമിക സഹകരണസംഘങ്ങൾക്കും വിതരണം ചെയ്ത്, പൂരിപ്പിച്ച പ്രൊഫോർമകൾ യഥാസമയം ബോർഡിന് അയച്ചു കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരും സ്വീകരിക്കേണ്ടതാണ്. ഓരോ സംഘം/ബാങ്കിന്റെയും പ്രൊഫോർമ പൂരിപ്പിച്ചിരിക്കുന്നത് കൃത്യമായും, ബോർഡ് നിർദ്ദേശാനുസരണവുമാണെന്ന് അതാത് യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിക്കുകയും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഒപ്പ്),
വി. രഘുനാഥ്,
സഹകരണസംഘം രജിസ്ട്രാർ ഇൻ-ചാർജ്ജ്.

പകർപ്പ് :-

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
3. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും, ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
4. സെക്രട്ടറി, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്.
5. എഡിറ്റർ, സഹകരണ വീഥി

6. അഡീഷണൽ രജിസ്ട്രാർ (ക്രഡിറ്റ്) ന്റെ മേശപ്പുറത്ത്.
7. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. സ്പെയർ - 25
9. സ്റ്റോക്ക് ഫയൽ.

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.

എം.ആർ. 5.5.